**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2663** **13-02-2024 - ൽ മറുപടിയ്ക്ക്**

**മുൻസിഫ് കോടതി സ്ഥാപിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലമ്പൂർ ആസ്ഥാനമായി പുതിയ മുൻസിഫ് കോടതി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 31/10/2013-ലെ സ.ഉ.(കൈ)നം. 271/2013/ആഭ്യന്തരം പ്രകാരം, നിലമ്പൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ മുൻസിഫ് മജിസ്ട്രേറ്റ് കോടതിയാക്കി മാറ്റുകയും, പ്രസ്തുത കോടതിയുടെ പ്രവർത്തനങ്ങൾക്കായി, 31/01/2015-ലെ സ.ഉ.(കൈ)നം. 20/2015/ആഭ്യന്തരം പ്രകാരം 8 തസ്തികകളും, 02.03.2023 ലെ സ.ഉ.(കൈ)നം. 59/2023/ആഭ്യന്തരം പ്രകാരം ഒരു ജൂനിയർ സൂപ്രണ്ട് തസ്തികയും സൃഷ്ടിച്ചിരുന്നു. അതോടൊപ്പം 24.11.2023 ലെ സ.ഉ.(സാധാ) നം.3414/2023/ആഭ്യന്തരം പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ 2 clerk cum typist മാരെ നിയമിയ്ക്കുവാനും അനുമതി നൽകിട്ടുണ്ട്.<br><br>നിലമ്പൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടെ റൂഫ് ടോപ്പിൽ സ്ഥിതി ചെയ്യുന്ന ബാർ അസോസിയേഷൻ ഹാൾ നിലമ്പൂർ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിയ്ക്കുന്നതിനായി കൈമാറാൻ നിലമ്പൂർ ബാർ അസോസിയേഷൻ സമ്മതിച്ചതിനെത്തുടർന്ന് ആവശ്യമായ രൂപഭേദം വരുത്തി മുൻസിഫ് മജിസ്ട്രേറ്റ് കോടതിയാക്കുന്നതിനായി 19,25,000/- രൂപയുടെ ഭരണാനുമതി സർക്കാർ 13.09.2023 ലെ സ.ഉ.(സാധാ) നം 2588/2023/ആഭ്യന്തരം പ്രകാരം നൽകി. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായി വരുന്നു. |
| (ബി) | കോടതി പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഒരുക്കിയിട്ടും നിലമ്പൂർ മുൻസിപ്പൽ കോടതി ഇതുവരെയും തുടങ്ങാനാകാത്തതിന്റെ കാരണം വിശദമാക്കാമോ; മലപ്പുറം ജില്ലയിലെ ഏറ്റവും വലിയ താലൂക്കായ നിലമ്പൂരിൽ മുൻസിഫ് കോടതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ? | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ